# പൊന്നിൻ കാക്കയും വെള്ളിക്കാക്കയും

• ശാഹിന തറയിൽ

വണ്ട് രത്നപുരം എന്ന ദേശത്ത് അലീന എന്ന് പേരുള്ള ഒരു പെൺകുട്ടി ജീവിച്ചിരുന്നു. ചെറുപ്പത്തിലേ അമ്മ മരിച്ചുപോയ അവൾ രണ്ടാനമ്മയുടെ കൂടെയാണ് വളർന്നത്. രണ്ടാനമ്മ അവളെ കഠിനമായ ജോലികൾ ചെയ്യിക്കുകയും മർദിക്കുകയും പതിവായിരുന്നു.

ഒരു ദിവസം നെല്ല് പുഴുങ്ങി വെയിലത്ത് ഉണക്കാനിടാൻ ഏൽപ്പിച്ച് രണ്ടാനമ്മ പുറത്തേക്ക് പോയി. അവളാകട്ടെ പുഴുങ്ങിയ നെല്ല് ഉണക്കാനിട്ട് കുളിക്കാൻ പോയി. കുളി കഴിഞ്ഞ് വന്നപ്പോൾ നെല്ല് അൽപം നഷ്ടപ്പെട്ടതായി കണ്ടു. അവളാകെ പരിഭ്രമിച്ചു. രണ്ടാനമ്മയെങ്ങാനും അറിഞ്ഞാൽ കഥ കഴിക്കും.

പ്രതീക്ഷിച്ച പോലെത്തന്നെ രണ്ടാനമ്മ മടങ്ങിവന്നപ്പോൾ നെല്ലിന്റെ കുറവു കണ്ട്



▸▸ മലയാളത്തിലെ ആദ്യ ചലച്ചിത്രം– വിഗതകുമാരൻ(1928)

കലിതുള്ളി. അലീനയെ പൊതിരെ തല്ലി. നെല്ല് തിരികെ കൊണ്ടുവരാൻ കൽപ്പിച്ച് വീട്ടിൽനിന്നും ഇറക്കിവിട്ടു.

കരഞ്ഞുകൊണ്ട് വീട്ടിൽ നിന്നും ഇറങ്ങി നടന്ന അവൾ വഴിയിൽ ഒരു വൈക്കോൽചുമട്ടുകാരനെ കണ്ടു. അയാളോട് തന്റെ സങ്കടം പറഞ്ഞു.

താൻ ചുമടുമായി പോകുമ്പോൾ സ്വർണ്ണത്തിന്റെയും വെള്ളിയുടെയും നിറങ്ങൾകൊണ്ട് അലംകൃതമായ രണ്ട് വിചിത്ര കാക്കകൾ അലീനയുടെ വീട്ടുമുറ്റത്തു നിന്ന് നെൽമണികൾ കൊത്തിപ്പെറുക്കുന്നത് കണ്ടതായി ചുമട്ടുകാരൻ പറഞ്ഞു. ആ കാക്കകളെ കണ്ടെത്താൻ ചുമട്ടുകാരൻ ചൂണ്ടിക്കാട്ടിയ ദിശ ലക്ഷ്യമാക്കി പെൺകുട്ടി നടന്നു.

നടന്നു നടന്ന് ഏറെ ദൂരം പിന്നിട്ടപ്പോൾ വഴിയിൽ ഒരു കൃഷിക്കാരനെ കണ്ടുമുട്ടി. കൃഷിക്കാരനോട് അവൾ തന്റെ വിഷമം അറിയിച്ചു. സ്വർണ്ണത്തിന്റെയും വെള്ളിയുടെയും നിറംകൊണ്ട് സുന്ദരമാക്കപ്പെട്ട രണ്ട് വിചിത്ര കാക്കകൾ വയലിൽ നെൽമണികൾ കൊത്തിപ്പെറുക്കാൻ വരാറുള്ളതായി കൃഷിക്കാരനും പറഞ്ഞു.

കൃഷിക്കാരൻ ചൂണ്ടിയ ഭാഗത്തേക്ക് അവൾ വീണ്ടും നടന്നുതുടങ്ങി. വിശപ്പും ദാഹവും അവളെ തളർത്താൻ തുടങ്ങിയിരുന്നു. എങ്കിലും രാത്രിയിൽ താൻ എവിടെ അന്തിയുറങ്ങുമെന്ന ചിന്തയാണ് അവളെ വിഷമിപ്പിച്ചത്. നടന്നു നടന്ന് വീണ്ടും കാതങ്ങൾ പിന്നിട്ടപ്പോൾ വഴിയിൽ ഒരു മരം വെട്ടുകാരനെ കണ്ടു.

പെൺകുട്ടി തന്റെ കദനങ്ങൾ മരംവെട്ടുകാരനോട് വിവരിച്ചു. ആ വിചിത്ര കാക്കകളെ താൻ വനത്തിനുള്ളിൽ മരം വെട്ടാൻ പോയപ്പോൾ കണ്ടതായും ഉൾവനത്തിലെവിടെയോ ആണ് കാക്കകളുടെ താമസമെന്നും അയാൾ സൂചന നൽകി.

എന്ത് ത്യാഗം സഹിച്ചായാലും കാക്കകളെ കണ്ടെത്തണമെന്ന ചിന്ത കൊടും വനത്തിനുള്ളിലേക്ക് പ്രവേശിക്കാൻ അലീനക്ക് ധൈര്യം പകർന്നു.

യാതൊരു ആശങ്കയും കൂടാതെ അവൾ ഉൾവനത്തിലേക്ക് നടന്നു. വന്യമൃഗങ്ങളും ഇഴജന്തുക്കളും യഥേഷ്ടം മേഞ്ഞുനടക്കുന്ന



## ആദ്യ ടെസ്റ്റ്യൂബ് ശിശു

ലോകത്തിലെ ആദ്യത്തെ ടെസ്റ്റ്യൂബ് ശിശു ലൂയി ബ്രോൺ (1978 ജൂലൈ -ബ്രിട്ടൻ) ആണ്. ഇന്ത്യയിലെ ആദ്യത്തെ ടെസ്റ്റ്യൂബ് ശിശു ബേബി ദുർഗ (1978 ഒക്ടോബർ -കൊൽക്കത്ത) ആണ്.





ഒരു കൊടുംകാടായിരുന്നു അത്. ഉയരത്തിൽ പൊങ്ങിനിൽക്കുന്ന പുൽച്ചെടികളെയും വള്ളിപ്പടർപ്പുകളെയും വകഞ്ഞുമാറ്റി അലീന മുന്നോട്ടു നടന്നു. കുറേദൂരം പിന്നിട്ടപ്പോൾ ഒരു കുതിരയുടെ അലർച്ച കേട്ടു.

അവൾ ശബ്ദം കേട്ട ദിക്കിലേക്ക് കാതോർക്കവെ കുതിരയുടെ കുളമ്പടിശബ്ദം അടുത്തുവരുന്നതായി അവൾക്ക് തോന്നി. പൊടുന്നനെ കൺമുമ്പിൽ തെളിഞ്ഞുവന്ന കാഴ്ച കണ്ട് അവൾ അമ്പരന്നു. സുന്ദരനായ ഒരു യുവാവ് കുതിരപ്പുറത്തേറി തനിക്കു നേരെ വരുന്നു. ഈ കൊടും വനത്തിൽ ഒരു മനുഷ്യജീവനോ? അവൾ അതിശയിച്ചു.

ആ കൊടും വനത്തിൽ ഒറ്റക്ക് ഒരു പെൺകുട്ടിയെ കണ്ട യുവാവും അൽഭുതപ്പെട്ടു. അവൻ അലീനയോട് ആഗമനോദ്ദേശ്യം ആരാഞ്ഞു. പെൺകുട്ടി സംഭവിച്ച കഥകളെല്ലാം യുവാവിനോട് തുറന്ന് പറഞ്ഞു. യുവാവിന്റെ മുഖം സന്തോഷംകൊണ്ട് വിടർന്നു. അവൻ അലീനയെ തന്റെ കുതിരപ്പുറത്തിരുത്തി വനത്തിലൂടെ യാത്ര തിരിച്ചു.

വനത്തിനുള്ളിലെ മനോഹരമായ ഒരു കൊട്ടാരത്തിലേക്ക് യുവാവ് അലീനയെ കൂട്ടിക്കൊണ്ടു പോയി. കൊട്ടാരത്തിന്റെ ചുമരുകൾ മുഴുവനും സ്വർണ്ണത്തൂവലും വെള്ളിയാലുള്ള ചിത്രങ്ങളുംകൊണ്ട് അലങ്കരിച്ചിരുന്നു. അവിടെയുണ്ടായിരുന്ന സ്വർണ്ണ രഥവും വെള്ളി മഞ്ചലും കണ്ട് അലീന അമ്പരന്നു. സ്വർണനൂലുകളും വെള്ളിനൂലുകളുംകൊണ്ട് ഇഴപാകിയ പരവതാനിയിലൂടെ മുന്നോട്ടു നടക്കവെ അവളാ അൽഭുതപ്പെടുത്തുന്ന കാഴ്ച കണ്ടു.

പൊന്നിന്റെയും വെള്ളിയുടെയും രണ്ട് സിംഹാസനങ്ങളിലിരിക്കുന്നു പൊന്നിൻ കാക്കയും വെള്ളിക്കാക്കയും! അവരുടെ കൊട്ടാരമാണ് അതെന്ന് അവൾക്ക് മനസ്സിലായി. ഏതാനും നിമിഷങ്ങൾ നിശ്ചലയായി നിന്ന ശേഷം സാവധാനം കാക്കകളുടെ സമക്ഷം അവൾ തന്റെ സങ്കടം ബോധിപ്പിച്ചു.

അലീനയുടെ വിഷമം കേട്ടതും വെള്ളിക്കാക്കയും പൊന്നിൻ കാക്കയും സന്തോഷാധിക്യത്താൽ ചിറകടിച്ചു.

തങ്ങൾ കൊത്തിപ്പെറുക്കിയ നെൽമണികൾക്കു പകരം സ്വർണ്ണത്തിന്റെയും വെള്ളിയുടെയും നെൽമണിക്കിഴികൾ അവ അവൾക്ക് സമ്മാനിച്ചു. സന്തോഷം കൊണ്ട് അലീന തുള്ളിച്ചാടി.

▸▸ കേരളത്തിലെ ആദ്യ അണക്കെട്ട്– മുല്ലപ്പെരിയാർ